# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 45

10.03.2015- ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, കെ.മുരളീധരൻ<br>,, എം.പി.വിൻസെന്റ്<br>,, സണ്ണി ജോസഫ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) പൊതുവിപണിയിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതു വിപണിയിൽ നിന്നും 20% വരെ വില കുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം മുഴുവൻ അവശ്യസാധനങ്ങൾ 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വരുന്നു. ഇവയിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന നന്മ സ്റ്റോറുകളും ഉൾപ്പെടുന്നു. കൂടാതെ സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖേനയും |

വിലക്കയറ്റത്തിന് സാധ്യതയേറിയ ഉത്സവകാലങ്ങളിൽ പ്രത്യേക സബ്സിഡി വിപണന മേളകളും കാലാകാലങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(സി) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വില കുറച്ച് ലഭ്യമാക്കുന്നതിലേക്കായി നന്മ സ്റ്റോറുകൾ സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവൻ പൊതു വിപണിയെക്കാൾ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ഡി) വിലവർദ്ധനവിന് ഏറ്റവും സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ സബ്സിഡി വിപണന മേളകളിലൂടെയും വർഷം മുഴുവനും 20% വിലക്കുറവിൽ നന്മ സ്റ്റോറുകളിലൂടെയും, വിപണനം നടത്തുന്നതിലൂടെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയുവാൻ ഇടയാക്കിയിട്ടുണ്ടെന്നു വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ